3121
1/2/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- ആശ്രിത നിയമന പദ്ധതി പ്രകാരം സർവ്വീസിൽ പ്രവേശിക്കുകയും അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിന്നതിനും, നിശ്ചിത കാലാവധി കഴിഞ്ഞ് നിർബന്ധിത ടെസ്റ്റ് യോഗ്യത നേടാതിരുന്നതിനും, സർവ്വീസിൽ നിന്നും നീക്കം ചെയ്ത ലോവർ ഡിവിഷൻ ക്ലാർക്കായ ശ്രീ.വി.പി.ബിജുവിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.43/2018/വനം തീയതി, തിരുവനന്തപുരം, 29.01.2018.

---

പരാമർശം:- 1) 24.07.2013 ലെ കോട്ടയം (ഹൈറേഞ്ച് സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഇ 1-3237/09 നമ്പർ നടപടി ഉത്തരവ്.

2) 18.12.2013 ലെ കൊല്ലം സതേൺ റീജിയണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ആർഎസ്ഇ/2213/13 നമ്പർ നടപടി ഉത്തരവ്.

3) 02.06.2014 തിയതിയായി ശ്രീമതി.എൻ.കൃഷ്ണകുമാരി വനം വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

4) 25.02.2015, 26.01.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ഇ 3-34804/2013 നമ്പർ കത്തുകൾ.

5) 07.07.2016 തീയതിയായി ശ്രീ.വി.പി.ബിജു സമർപ്പിച്ച റിവ്യൂ ഹർജി.

<u>**ഉത്തരവ്**</u>

ആശ്രിത നിയമന പദ്ധതി പ്രകാരം എൽ.ഡി.ക്ലാർക്കായി 12.07.1990-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ.വി.പി. ബിജു 20.05.1993 മുതൽ 02.06.2000 വരെ കെ.എസ്.ആർ. പാർട്ട് 1 അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയിലായിരുന്നു. തുടർന്ന് സേവനത്തിൽ പ്രവേശിച്ച ടിയാൻ 08.04.2009 മുതൽ 04.10.2009 വരെ ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിന്നതിന് അച്ചടക്ക നടപടി നേരിടുകയുണ്ടായി. വീണ്ടും 07.06.2010 മുതൽ 13.06.2010 വരെ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുകയുണ്ടായി. കൂടാതെ 21.01.2012-ൽ നടന്ന ഡിപ്പാർട്ടുമെന്റൽ പരീക്ഷയിൽ കോപ്പിയടിച്ചതിന് ടിയാൻ പിടിക്കപ്പെടുകയും 2 വർഷത്തേക്ക് ഡീബാർ ചെയ്യപ്പെടുകയും ടിയാനെതിരെ

അച്ചടക്ക നടപടി സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ടുകയുമുണ്ടായി. ടിയാന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ പരിഹരിച്ച് ജോലിയിൽ തുടരുന്നതിന് മതിയായ അവസരങ്ങൾ നൽകുകയുണ്ടായിട്ടും മുൻകൂർ അനുമതിയോ ലീവപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ അനധികൃതമായി ഹാജരാകാതിരിക്കുന്ന പ്രവണത തുടർന്നു കൊണ്ടിരിക്കുന്നതിനാലും ടിയാൻ സർവ്വീസിൽ അഭികാമ്യനല്ല എന്ന് ഉത്തമ ബോദ്ധ്യം വന്നതിനാലും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958, ജനറൽ റൂൾസ് ചട്ടം 19 (b), 20 (c) എന്നിവ പ്രകാരം ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിച്ചുകൊണ്ടും സസ്പെൻഷൻ ഉത്തരവ് പ്രാബല്യത്തിൽ സർവ്വീസിൽ നിന്നു പിരിച്ചുവിട്ടുകൊണ്ടും കോട്ടയം ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം ഉത്തരവായി.

2) പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ബിജു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർക്ക് അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കോട്ടയം ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഉത്തരവിന്മേലുള്ള അപ്പീൽ അപേക്ഷ പരിഗണിക്കേണ്ടത് കൊല്ലം സതേൺ റീജിയണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ കൊല്ലം സതേൺ റീജിയണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ് കൺസർവേറ്റർക്ക് അയച്ചു കൊടുക്കുകയും ആയത് പരിഗണിച്ച് പരാമർശം (2) പ്രകാരം നിരസിക്കുകയും ചെയ്തു. തുടർന്ന് ടിയാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & വൈൽഡ് ലൈഫ് വാർഡന് അപ്പീൽ സമർപ്പിച്ചു. ക്യാൻസർ ചികിത്സയുടെ ഭാഗമായി അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ ചികിത്സയിലായിരുന്നുവെന്നും ഒരു കിഡ്നി എടുത്ത് മാറ്റുകയുണ്ടായി എന്നും ശാരീരിക മാനസിക അസ്വസ്ഥതകളെ തുടർന്നാണ് ജോലിയ്ക്ക് ഹാജരാകാൻ കഴിയാതിരുന്നതെന്നും അപ്പീൽ അപേക്ഷയിൽ ടിയാൻ ബോധിപ്പിച്ചു.

3) ശ്രീ.വി.പി.ബിജുവിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അഭ്യർത്ഥിച്ച് ടിയാന്റെ മാതാവ് ശ്രീമതി.എൻ.കൃഷ്ണകുമാരി സർക്കാരിൽ പരാമർശം (3) പ്രകാരം നിവേദനം സമർപ്പിച്ചു. പ്രസ്തുത നിവേദനം പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ 17.06.2016 -ന് നേരിൽ കേട്ടു. നേരിൽ കേട്ട സമയത്ത്, തന്റെ അസുഖ സംബന്ധമായ വിവരങ്ങളാണ് ശ്രീ.വി.പി.ബിജു വിശദീകരിച്ചത്. ഒരു വൃക്ക നീക്കം ചെയ്തുവെന്നും നിലനിൽക്കുന്ന വൃക്കയ്ക്ക് 40% മാത്രമേ പ്രവർത്തന ശേഷിയുള്ളൂവെന്നും ഇതുമായി ബന്ധപ്പെട്ട ശാരീരിക അസ്വസ്ഥകൾ കാരണമാണ് കൃത്യമായി ജോലിക്ക് ഹാജരാകാത്തതെന്നും, വൃദ്ധയായ മാതാവിന്റെ കുടുംബപെൻഷന്റെ ബലത്തിലാണ് താനും ഭാര്യയും രണ്ട് മക്കളുടേയും നിത്യവൃത്തി കഴിഞ്ഞു

ളുടുന്നതെന്നും ശ്രീ.ബിജു അറിയിക്കുകയുണ്ടായി. പിരിച്ചുവിട്ട നടപടിക്കെതിരെ ശ്രീ.വി.പി.ബിജു അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയൺ സൗത്ത്) കൊല്ലം മുൻപാകെ സമർപ്പിച്ച അപ്പീൽ തള്ളിയതിനെതിരെ ടിയാൻ ചട്ടപ്രകാരം സർക്കാരിന് റിവ്യൂ ഹർജി സമർപ്പിച്ചിരുന്നില്ല. അതിനാൽ ചട്ടപ്രകാരം റിവ്യൂ ഹർജി സമർപ്പിക്കുവാൻ ശ്രീ.വി.പി.ബിജുവിനോട് ആവശ്യപ്പെടുകയും ടിയാൻ പരാമർശം (5) പ്രകാരം ഹർജി സമർപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ പരാമർശം (4) പ്രകാരം അഭിപ്രായം ലഭ്യമാക്കിയ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ദയാപരമായ സമീപനം കൈക്കൊണ്ട് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാൻ ശുപാർശ ചെയ്തു.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 12.07.1990-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ.ബിജു 20.05.1993 മുതൽ 02.06.2000 വരെ കെ.എസ്.ആർ. പാർട്ട് 1 അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയിലായിരുന്നു. പ്രൊബേഷൻ പ്രഖ്യാപിക്കാതെ അവധിയിൽ പ്രവേശിച്ചതിനാൽ മുൻകാല സേവനം നഷ്ടമാകും. അതിനാൽ ശ്രീ.വി.പി.ബിജുവിനെ, ടിയാന്റെ മാതാവ് നൽകിയ നിവേദനം പരിഗണിച്ചും നേരിൽ കേട്ടതിന്റെയും ടിയാന്റെ കുടുംബപരമായും മാനസികവും ശാരീരികവുമായ അവസ്ഥകളും പരിഗണിച്ച് ദയാപരമായ സമീപനം കൈക്കൊണ്ട് ടിയാനെ പിരിച്ചു വിട്ട പരാമർശം (1) ലെ പ്രാബല്യത്തീയതി മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതുവരെയുള്ള കാലയളവ് "നോൺ ഡ്യൂട്ടി" ആയി കണക്കാക്കി എൽ.ഡി.ക്ലാർക്ക് തസ്തികയിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.വേണു

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ.വി.പി.ബിജു, ലോവർ ഡിവിഷൻ ക്ലാർക്ക് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ